**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2882** **25-06-2024 - ൽ മറുപടിയ്ക്ക്**

**മരം മുറിച്ചു മാറ്റൽ നടപടി ക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിൽ 01.01.1977-ന് മുൻപായി കുടിയേറിയ വനഭൂമിയിൽ നാളിതുവരെ പട്ടയം ലഭിക്കാത്ത കൈവശക്കാരുടെ പേരിലുള്ള സ്ഥലങ്ങളിലെ റബ്ബർ മരങ്ങൾ വനംവകുപ്പ് ഉദ്യോഗസ്ഥർ മുറിച്ച് മാറ്റിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ഏത് ഉദ്യോഗസ്ഥന്റെ ഉത്തരവ് പ്രകാരമാണെന്ന് വ്യക്തമാക്കാമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | പാലക്കാട് ജില്ലയിൽ 01.01.1977-ന് മുൻപായി കുടിയേറിയ വനഭൂമിയിൽ നാളിതുവരെ പട്ടയം ലഭിക്കാത്ത കൈവശക്കാരുടെ പേരിലുള്ള സ്ഥലങ്ങളിലെ റബ്ബർ മരങ്ങൾ വനംവകുപ്പ് ഉദ്യോഗസ്ഥർ മുറിച്ച് മാറ്റിയിട്ടില്ല. എന്നാൽ പാലക്കാട് ഡിവിഷന്റെ കീഴിലുള്ള ഒലവക്കോട് റെയിഞ്ചിൽ നിക്ഷിപ്ത വനഭൂമിയുമായി ബന്ധപ്പെട്ട് വിവിധ സ്ഥലങ്ങൾക്കു വേണ്ടി ഫോറസ്റ്റ് ട്രൈബ്യൂണലിലും മറ്റ് കോടതികളിലും സർക്കാരും ഹർജിക്കാരും തമ്മിൽ നിലവിലുണ്ടായിരുന്ന വ്യവഹാരങ്ങളിൽ സർക്കാരിന് അനുകൂലമായി വിധിയായിട്ടുള്ളതും വെസ്റ്റിംഗ് & അസൈൻമെന്റ് ആക്ട് പ്രകാരം നിക്ഷിപ്ത വനഭൂമിയായി വിജ്ഞാപനം ചെയ്ത് സംരക്ഷിച്ചു വരുന്നതുമായ വനഭൂമികളിൽ ഉണ്ടായിരുന്ന റബ്ബർ മരങ്ങൾ മുറിച്ചുമാറ്റിയിട്ടുണ്ട്. കേന്ദ്രസർക്കാർ അംഗീകരിച്ച് നൽകിയിട്ടുള്ള പാലക്കാട് വനം ഡിവിഷന്റെ വർക്കിംഗ് പ്ലാനിൽ നിഷ്കർക്കർഷിച്ചിട്ടുള്ള പ്രകാരവും സംസ്ഥാന സർക്കാരിന്റെ സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനവുമായി ബന്ധപ്പെട്ട നയരേഖയുടെ ഭാഗമായും ആണ് വനഭൂമികളിലെ റബ്ബർ മരങ്ങൾ മുറിച്ച് മാറ്റി തദ്ദേശീയ വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത മരങ്ങൾ മുറിച്ച് മാറ്റുന്നതിനായി പത്രത്തിൽ പരസ്യം നൽകൽ, ടെൻഡർ നടപടികൾ മുതലായ നടപടി ക്രമങ്ങൾ പാലിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | നിലവിലുള്ള നടപടി ക്രമങ്ങൾ പാലിച്ച് എം.എസ്.ടി.സി മുഖേന ലേലം നടത്തിയാണ് പ്രസ്തുത മരങ്ങൾ മുറിച്ച് മാറ്റിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ